## ലേബർ കമ്മീഷണറുടെ നടപടിക്രമം

(സാന്നിധ്യം : ശ്രീമതി.റ്റി.വി.അനുപമ, ഐ.എ.എസ്)

വിഷയം:-തൊഴിൽ വകുപ്പ് - തൃക്കാക്കര നിയമസഭാ മണ്ഡലത്തിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് - 2022 മെയ് 31 - വോട്ടെടുപ്പ് നടക്കുന്ന ദിവസം സ്വകാര്യ സ്ഥാപനങ്ങൾ/ഐ.ടി മേഖല, പ്ലാന്റേഷൻ മേഖല എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വേതനത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന : ചീഫ് ഇലക്ടറൽ ഓഫീസറുടെ 11/05/2022-ലെ EL3/99/2021/Elec നമ്പർ കത്ത്.
-

ഉത്തരവ് നമ്പർ എൽ.സി.ഒ/4060/2022/ഇ.എൻ(2) **തീയതി: 24/05/2022**

=========================================================

2022 മെയ് 31 ന് തൃക്കാക്കര നിയമസഭാ മണ്ഡലത്തിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് നടക്കുകയാണ്. അന്നേദിവസം ടി മണ്ഡലത്തിലെ സ്വകാര്യ മേഖലയിലുള്ള ഏതെങ്കിലും സ്ഥാപനത്തിലോ വാണിജ്യ സ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ വ്യാപാര സ്ഥാപനത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും ടി നിയമസഭാ മണ്ഡലത്തിൽ വോട്ട് ചെയ്യുന്നതിന് അർഹതയുള്ളതുമായ ആളുകൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് വേതനത്തോടു കൂടിയുള്ള അവധി നൽകേണ്ടതാണ് . എന്നാൽ അപ്രകാരം ഒരാളിന് അവധി അനുവദിക്കുമ്പോൾ അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് ആപത്ക്കരമോ സാരവത്തായ നഷ്ടമോ ഇടവരുന്നുണ്ടെങ്കിൽ അയാൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ഇതിനാൽ ഉത്തരവാകുന്നു.

സ്വന്തം ജില്ലയ്ക്ക് പുറത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വോട്ടർമാർക്ക് ബന്ധപ്പെട്ട വോട്ടെടുപ്പ് ദിവസം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ഉത്തരവാകുന്നു.

മേൽ ഉത്തരവ് ഐ.ടി മേഖല, പ്ലാന്റേഷൻ മേഖല എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ് . എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ എന്നിവർ മേൽ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്.

ലേബർ കമ്മീഷണർ

പകർപ്പ് :

1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ)-യുടെ സി.എ
3. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
4. ജില്ലാ ലേബർ ഓഫീസർ, എറണാകുളം
5. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും
   (ജില്ലാ ലേബർ ഓഫീസർമാർ മുഖേന)
6. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം